DESPATCHED
On..30/08/22

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP No. 14(3)/2018** *എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.298/*എസ്.ഐ.സി-ജി 1/2018*)

സന്നിഹിതൻ

എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 25.08.2022

ശ്രീ.അബ്ദുറഹിമാൻ കുട്ടി ഇ.വി.പി,
സജ്നാസ്, കടുക്ക ബസാർ,
ചാലിയം പി.ഒ,
കോഴിക്കോട് – 673 301 } പരാതി ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ജില്ലാ ഹെഡ് ഡ്രാഫ്റ്റ്സ്മാൻ,
   കളക്ട്രേറ്റ്, കോഴിക്കോട്.
2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   വില്ലേജ് ഓഫീസർ,
   കടലുണ്ടി വില്ലേജ് ഓഫീസ്,
   കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 20/11/2017 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 02/01/2018 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 10/01/2018 |

## ഉത്തരവ്

കോഴിക്കോട് ജില്ലയിൽ ചാലിയം, കടുക്ക ബസാർ, സജ്നാസിൽ ശ്രീ. അബ്ദുറഹിമാൻകുട്ടി ഇ.വി.പി, കോഴിക്കോട് ജില്ലാ സർവ്വേ സൂപ്രണ്ട് ഓഫീസിലെ എസ്.പി.ഐ.ഒ യ്ക്ക് നൽകിയ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്

കോഴിക്കോട് ജില്ലയിൽ കടലുണ്ടി പഞ്ചായത്തിൽ പഴഞ്ചന്നൂർ അംശത്തിൽ R.S. 129 ഫീൽഡിൽ R.S. 129/1 ആയി കാണിച്ചിട്ടുള്ള ഭൂമിയെ സംബന്ധിച്ച വിവരങ്ങളാണ്. ടി അപേക്ഷയ്ക്ക് യഥാസമയം അപേക്ഷകന് മറുപടി ലഭിക്കാതിരുന്നതിനെ തുടർന്നാണ് ടിയാൻ സംസ്ഥാന വിവരാവകാശ കമ്മീഷനെ സമീപിച്ചത്. കമ്മീഷൻ 19.08.2022 തീയതിയിൽ കോഴിക്കോട് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ ഹിയറിംഗിൽ ഈ പരാതി ഹർജി പരിഗണിച്ചു.

2. ഹിയറിംഗിൽ പരാതി ഹർജിക്കാരൻ ഹാജരാവുകയോ, ഹാജരാവാതിരുന്നതിനുള്ള കാരണമോ അറിയിച്ചിരുന്നില്ല. കോഴിക്കോട് കളക്ട്രേറ്റിലെ ഹെഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ. സതീഷ്കുമാർ ഹിയറിംഗിൽ ഹാജരായി അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാന് ലഭ്യമാക്കുവാൻ കടലുണ്ടി വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്ന് ബോധ്യപ്പെടുത്തുകയും ഫയൽ പരിശോധിച്ചതിൽ ടി മറുപടിയുടെ പകർപ്പ് ഫയലിൽ ഉണ്ടെന്ന് ബോധ്യപ്പെട്ടിട്ടുള്ളതുമാണ്. ആയതിനാൽ ടി മറുപടിയുടെ ഒരു പകർപ്പ് കുടി പരാതിക്കാരന് അയച്ച് നൽകേണ്ടതാണെന്ന് കടലുണ്ടി വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകികൊണ്ട്, ഈ പരാതി ഹർജി കമ്മീഷൻ ഇന്നേ ദിവസം (2022 ആഗസ്റ്റ് മാസം 25-ാം തീയതി) തീർപ്പാക്കി ഉത്തര വാകുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

*vkm*

RIGHT TO INFORMATION